സരസ്വതി വിലാസം ജി.എൽ.പി.സ്കൂൾ ചേറ്റുപുഴ
(SVGLP School Chettupuzha)

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26

# ആമുഖം

ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും ലഭ്യമാക്കുന്നതിന് വിവിധങ്ങളായ പദ്ധതികളും തുടർ പ്രവർത്തനങ്ങളും നടപ്പിലാക്കി കൊണ്ടിരിക്കുന്ന സംസ്ഥാനമാണ് കേരളം. സ്കൂൾ പ്രായത്തിലുള്ള കുട്ടികളേയും വിദ്യാലയത്തിൽ എത്തിക്കുന്നതിൽ വിജയിച്ചതിന്റെ ചരിത്രം നമ്മുടെ മുന്നിലുണ്ട്. പൊതുവിദ്യാഭ്യാസ മേഖലയിലെ നമ്മുടെ നേട്ടങ്ങൾ വർഷങ്ങളായുള്ള നിരന്തര പരിശ്രമങ്ങളുടെ ഫലമായി രൂപപ്പെട്ടു വന്നതാണ്. അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പു വരുത്തുക എന്നതും വിദ്യാലയത്തിൽ പ്രവേശനം നേടുന്ന ഓരോ കുട്ടിക്കും ഗുണമേന്മയുള്ളതും തുല്യ നീതി ഉറപ്പാക്കുകയും ചെയ്യുന്നതുമായ സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി, സമഗ്രമായ ഒരു വികാസം ലക്ഷ്യം വെച്ച് പ്രവർത്തിക്കുന്നതിന് ചിട്ടയായ ആസൂത്രണവും പ്രവർത്തന പദ്ധതികളും തയ്യാറാക്കേണ്ടതുണ്ട്. ഇതിന്റെ വിജയത്തിനായി വിദ്യാഭ്യാസ പ്രവർത്തകർ , സംഘടനകൾ , പൂർവ്വവിദ്യാർത്ഥി കൂട്ടായ്മകൾ വികസന സമിതി അംഗങ്ങൾ എന്നിങ്ങനെയുള്ള എല്ലാ സാമൂഹ്യ പിന്തുണ സംവിധാനങ്ങളും ഏകോപിപ്പിച്ച് പദ്ധതികൾ രൂപീകരിക്കേണ്ടതുണ്ട്. മുൻവർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളുടെ പുനരവലോകനത്തിലൂടെ കുറവുകൾ പരിഹരിച്ച്, മുന്നൊരുക്കങ്ങളുടെ ഭാഗമായി വിവിധ മേഖലകളിൽ നിന്നുള്ള പ്രതിനിധികളുടേയും വികസന സമിതി അംഗങ്ങൽ രക്ഷാകർത്താക്കൾ പൂർവ്വവിദ്യാർത്ഥികൾ അധ്യാപകർ വിവിധ സംഘടനകൾ

എന്നിവരെ എല്ലാം ഉൾപ്പെടുത്തി 28/05/2025 നു വിദ്യാലയത്തിൽ സംഘടിപ്പിച്ച അക്കാദമിക മാസ്റ്റർ പ്ലാൻ ശില്പ ശാലയിൽ ഉയർന്നുവന്ന നിർദേശങ്ങളും തീരുമാനങ്ങളും ഉൾപ്പെടുത്തി പുതിയ അക്കാദമിക മാസ്റ്റർ പ്ലാൻ ആണ് ഈ വർഷം നാം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

# അവസ്ഥാ പഠനം

കഴിഞ്ഞ വർഷങ്ങളിലായി വിദ്യാലയത്തിലെ ഭൗതിക സാഹചര്യങ്ങളിൽ വന്ന പ്രകടമായ മാറ്റം പഠനാന്തരീകം മെച്ചപ്പെടുത്തിയിട്ടുണ്ട്. പുതിയ ക്ലാസ് റൂമുകൾ, ഉപകരണങ്ങൾ ജൈവ വൈവിധ്യ ഉദ്യാനം എന്നിവ വിദ്യാലയത്തിലെ കൂടുതൽ ആകർഷകമാക്കിയിട്ടുണ്ട്. പൂർവ്വ വിദ്യാർത്ഥി സംഘടന സ്കൂൾവികസന സമിതി എന്നിവയുടെ പൂർണ്ണ സഹകരണം ഉറപ്പാക്കാൻ സാധിക്കുന്നുണ്ട്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ലഭിക്കുന്ന സാമൂഹിക പിന്തുണ എടുത്തു പറയേണ്ടതാണ്. ഇനിയും ഭൗതിക സാഹചര്യം മെച്ചപ്പെടേണ്ടതുണ്ട്. സ്കൂൾ ലൈബ്രറി, ശുചിമുറികൾ എന്നിവ പുതിയതായി നിർമ്മിക്കുവാനും പാർക്ക് നവീകരണം , സ്റ്റേജ് പൂർത്തിയാക്കൽ ഇവയെല്ലാം നടപ്പിൽ വരുത്താനുള്ള പ്രവർത്തനങ്ങളാണ് പൂർവ്വവിദ്യാർത്ഥികളും വികസന സമിതി അംഗങ്ങളും പി.ടി. എ യും സംയുക്തമായി പ്രവർത്തനങ്ങൾക്ക് മുന്നിലുള്ളത് ആശ്വാസകരവും സന്തോഷകരവുമാണ്.

## ലക്ഷ്യങ്ങൾ

- ഓരോ ക്ലാസിലും കുട്ടി നേടേണ്ട പഠന നേട്ടങ്ങൾ നേടി എന്ന് ഉറപ്പുവരുത്തൽ .
- കുട്ടികളുടെ സർഗാത്മക പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കൽ.
- കുട്ടികളുടെ കലാകായിക വികസനത്തിന് ഉതകുന്നതും കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതുമായ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തൽ.
- എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരും എഴുത്തുകാരും ആക്കി മാറ്റുക നിലവിലെ ലൈബ്രറി സംവിധാനം മെച്ചപ്പെടുത്തൽ.
- ക്ലാസ് ലൈബ്രറി ആകർഷകവും ഫലപ്രദവും ആക്കൽ.
- ഗണിത പഠനം രസകരമാക്കുന്നതിന് ഉല്ലാസ ഗണിതം ഗണിത വിജയം എന്നീ പദ്ധതികൾ പ്രയോജന പെടുത്തൽ.
- ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക അതിന് ഹലോ ഇംഗ്ലീഷിലെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
- ഐടി സാധ്യതകൾ പ്രയോജനപ്പെടുത്തി പഠനപ്രക്രിയ ആകർഷകമാക്കുക ശാസ്ത്ര ക്ലബ്ബിന്റെ പ്രവർത്തനത്തിലൂടെ കുട്ടികളിൽ ശാസ്ത്ര പഠനം മെച്ചപ്പെടുത്തുക.
- ലബോറട്ടറി നവീകരിക്കുക ലാബ് പ്രവർത്തനങ്ങൾ സജീവമാക്കുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് പിന്തുണ സംവിധാനം ഒരുക്കൽ.
- കുട്ടികളിൽ കാർഷിക സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.
- സി പി ടി എ ശക്തിപ്പെടുത്തുക.

പ്രകൃതി സ്നേഹത്തിലൂടെ പ്രകൃതി സംരക്ഷണം സാധ്യമാക്കുക എന്ന മഹനീയ ലക്ഷ്യം കൂടി ഈ വർഷം നമ്മൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വീട്ടിലും സമൂഹത്തിലും പ്രകൃതിയോടിണങ്ങി ജീവിതം ചിട്ടപ്പെടുത്താനുള്ള മാതൃകകളായി വിദ്യാർത്ഥികൾ മാറണം പ്രകൃതി സ്നേഹവും സഹജീവി സ്നേഹവും നല്ല മനുഷ്യനെ വാർത്തെടുക്കുമെന്ന് പ്രത്യാശിക്കാം.

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 SVGLPS CHETTUPUZHA

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| വായനയിൽ പിന്നോക്കം നിൽക്കുന്ന വർക്ക് പ്രത്യേക പരിഗണന | പത്രവായന,വലിയ അക്ഷരങ്ങൾ എഴുതിയ കാർഡുവായന, പ്രത്യേക അക്ഷരങ്ങൾ ഉൾപ്പെട്ട വാക്കുകളുംവരികളും കണ്ടെത്തു ന്നു. ഗുരുകുലം പദ്ധതി |
| പൊതുവിജ്ഞാനം ആർജിക്കുന്നു | ഓരോ മാസത്തിലെയും പ്രധാന സവിശേഷത വിഷയമാക്കിയ ക്വിസ് മത്സരം. പത്രവായന. |
| വിദ്യാലയ വിഭവങ്ങൾ സമൂഹവു മായി പങ്കിടൽ | ക്ലാസ് ലൈബ്രറിയും സ്കൂൾ ലൈബ്രറിയും പരമാവധി കുട്ടികൾക്കും രക്ഷിതാക്കൾക്കും വായിക്കാൻ അവസരം,നല്ല വായനക്കാരെ കണ്ടെത്തി ആദരിക്കൽ. |
| പുസ്തകങ്ങളോടും വായനയോടും ആഭിമുഖ്യം വളർത്തൽ | കുട്ടികൾക്ക് പുസ്തകങ്ങളെ സ്നേഹിക്കാനും വായിക്കാനും ചേർത്തു പിടിക്കാനും മാനസികവും ബുദ്ധിപരവുമായ വികസനത്തിനും എല്ലാ സംവിധാനങ്ങളോടും കൂടിയ ലൈബ്രറി എന്ന സ്വപ്നം നേടിയെടുക്കൽ<br><br>പിറന്നാൾ ദിനത്തിൽ സ്കൂളിലേക്ക് പുസ്തകങ്ങൾ സമ്മാനമായി നൽകുന്നു. |
| കലാപഠനം-കുട്ടികളിലെ കലാവാസനകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നു. | ബാലസഭയുടെ നേതൃത്വത്തിൽ ഒരുമാസം ഒരു ഇനത്തിൽ ഗ്രൂപ്പടിസ്ഥാനത്തിൽ മത്സരം.<br>ചിത്രരചന, painting, മത്സരങ്ങൾ,പ്രവർത്തി പരിചയമേള എന്നിവ നടത്തുന്നു. |
| പ്രകൃതി സ്നേഹികളായി വളരുന്നു.കൃഷിയോട് ആഭിമുഖ്യം വളർത്തുന്നു | ക്ലാസ് തിരിച്ച് കുട്ടികളുടെ പൂന്തോട്ടം,ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം,മത്സ്യക്കുളം,ശലഭോദ്യാനം. |
| മെച്ചപ്പെട്ട മാനസിക ആരോഗ്യ അന്തരീക്ഷം | രാവിലെയുള്ള യോഗ മാനസികോല്ലാസം നൽകുന്നു.ഉച്ചഭക്ഷണത്തിനു മുമ്പ് പ്രാർത്ഥന. |
| കാര്യക്ഷമമായ സി.പി.ടി.എ | കുട്ടികളുടെ പഠനനിലവാരം,പ്രവർത്തനങ്ങൾ എന്നിവ രക്ഷിതാക്ക ൾക്ക് അറിയാനും അവസരം |
| വസ്തുതകൾ അനുഭവിച്ചറിഞ്ഞുള്ള പഠനം. | ഐ.സി.ടി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി പാഠഭാഗത്തെ വസ്തുതകൾ കണ്ടും കേട്ടും മനസ്സിലാക്കുന്നു. |
| കവികളെ പരിചയപ്പെടൽ | ഓരോകുട്ടിയും ഒരു കവിയുടെയെങ്കിലും ലഘു ജീവചരിത്രം എഴുതി എല്ലാം ചേർത്ത് പുസ്തകരൂപത്തിലാക്കുന്നു. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
| --- | --- |
| സഭാകമ്പമില്ലാതെ സമൂഹത്തെ അഭിമുഖീകരിക്കൽ . | അസംബ്ലിയിൽ മൈക്കിലൂടെ സംസാരിക്കാൻ എല്ലാ കുട്ടികൾക്കും അവസരം.ബാലവാണി സ്കൂൾ റേഡിയോ കുട്ടികൾക്ക് തങ്ങളുടെ കഴിവുകൾ വളർത്തുന്നതിന് സഹായിക്കുന്നു. |
| ഭൂപടപരിചയം | പാഠഭാഗവുമായി ബന്ധപ്പെട്ട പരമാവധി ഭൂപടങ്ങൾ കുട്ടികൾ വരക്കുന്നു.<br>ഭൂപടവായനക്ക് അവസരം നൽകുന്നു |
| ശാസ്ത്രാഭിരുചി വളർത്തുന്നു. | ലഘു പരീക്ഷണങ്ങൾ ചെയ്യുന്നു. പരീക്ഷണക്കുറിപ്പെഴുതുന്നു. അവതരിപ്പിക്കുന്നു.<br>മോഡലുകൾ ഉണ്ടാക്കുന്നു. |
| സർഗ്ഗാത്മകത വളർത്തുന്നു.<br>കലാപഠനം .... | നടനാഭിരുചിയുള്ള കുട്ടികൾക്ക് ശാസ്ത്രീയ നൃത്തം,, ഗാനം എന്നിവയിൽ പരിശീലനം<br>നാടകം സ്ക്രിപ്റ്റ് തയ്യാറാക്കൽ. മികച്ച കഥകൾ തെരഞ്ഞെടുത്ത്നാടകമാക്കുന്നു. അവതരിപ്പിക്കുന്നു. |
| കുട്ടികളിൽ കാർഷിക സംസ്കൃതി വളർത്തുന്നു. ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നു. | കാർഷികോപകരണങ്ങൾ പരിചയപ്പെടുത്തുന്നു. സാധ്യമായ വിളകൾ സ്കൂൾവളപ്പിൽ ഉൽപാദനം. |
| ആരോഗ്യമുള്ള ശരീരവും മനസ്സും. | ക്ലാസ് ആരംഭിക്കുന്നതിനു മുമ്പ് യോഗ. |
| കായിക വിദ്യാഭ്യാസം | കളരി,സുംബ,ഫുഡ്ബോൾ, മറ്റു കായികവിനോദങ്ങൾ പരിശീലിപ്പിക്കുന്നു. |
| സ്കൂൾ പരിസരം ആകർഷകമാക്കാം<br>ചുറ്റുമതിൽ നിർമാണം. | ചുറ്റുമതിൽ ആകർഷകമാക്കുന്നു.<br>പൂന്തോട്ടം,ശലഭോദ്യാനം,പാർക്ക്,മത്സ്യക്കുളം  എന്നിവ നിർമ്മിച്ച് സ്കൂൾ പരിസരം ആകർഷകമാക്കുന്നു.<br>സ്കൂൾ കവാടം മനോഹരമാക്കുന്നു. |
| ഭൗതിക സൗകര്യം വർദ്ധിപ്പിക്കൽ.<br>കളികളിലൂടെ മാനസികോല്ലാസത്തിന്..... | കളിയുപകരണങ്ങൾ കൊണ്ട് ആകർഷണീയമായ ചെറിയ ഒരു പാർക്ക് എന്ന ലക്ഷ്യത്തിലേയ്ക്കുള്ള പരിശ്രമം<br>Open Stage ....കുട്ടികളുടെ കലാപരമായ കഴിവുകൾ അവതരിപ്പിക്കാൻ ആവശ്യമായ Open Stage ന്റെ പണി പൂർത്തിയാക്കൽ<br>അസംബ്ലി ഹാൾ,വരാന്ത നിർമ്മാണം. |
| പഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ | പഠന പിന്നോക്കാവസ്ഥയുള്ളവരെ കണ്ടെത്തുന്നു.<br>പ്രത്യേകം തയ്യാറാക്കിയ വർക്ക് ഷീറ്റുകൾ ചെയ്യുന്നു. |
| സമൂഹ പങ്കാളിത്തം | പഠനോത്സവം. സംഘടിപ്പിക്കുന്നു. അതിലൂടെ വിദ്യാലയപ്രവർത്തനങ്ങൾ സമൂഹത്തിലെത്തിക്കുന്നു |
| ശുചിത്വ പൂർണ്ണമായ അന്തരീക്ഷം. | ഫലപ്രദ മായ മാലിന്യ സംസ്കരണം. |
| പൂർവ്വ വിദ്യാർത്ഥി സംഗമം | പൂർവ്വ വിദ്യാർത്ഥികളെ വിളിച്ചുചേർത്ത് വിദ്യാലയപ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നു. |

| സാമൂഹികം | | | |
|---|---|---|---|
| Sl No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
| 1 | പി.ടി.എ.ശക്തിപ്പെടുത്തൽ | 1. പ്രതിമാസം യോഗങ്ങൾ ചേർന്ന് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ വിലയിരുത്തൽ | എല്ലാമാസവും ആദ്യവാരങ്ങളിൽ |
| 2 | വിദ്യാലയ വികസന സമിതി | 1. ദ്വൈമാസയോഗം ചേരൽ, വിലയിരുത്തൽ | ജൂൺ, ആഗസ്റ്റ്, ഒക്ടോബർ, ഡിസംബർ, ഫെബ്രുവരി |
| 3 | പൂർവ്വ വിദ്യാർത്ഥി സംഘടന ശക്തിപ്പെടുത്തൽ | 1. വാർഷികയോഗം ചേരൽ<br>2. ദിനാചരണങ്ങളിലും മറ്റു പ്രത്യേക പ്രവർത്തനങ്ങളിലും പങ്കാളിത്തം ഉറപ്പ് വരുത്തുന്നു. | ജൂലായ് |
| 4 | ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സഹകരണ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ മുതലായവയുടെ സേവനം പ്രയോജനപ്പെടുത്തൽ | 1. സമൂഹത്തിലെ വിശിഷ്ടവ്യക്തികളെ ആദരിക്കൽ<br>2. പ്രഭാഷണങ്ങൾ സംഘടിപ്പിക്കൽ<br>3. പൊതുസ്ഥാപനങ്ങളുടെ പ്രവർത്തനം കണ്ടറിയുവാൻ ഫീൽഡ് ട്രിപ്പ് | ഓരോ ടേമിലും ഒന്നുവീതം |
| 5 | സി.പി.ടി.എ. മാതൃകാപരമാക്കൽ | 1. മിടുക്കരായ കുട്ടികളെ ആദരിക്കൽ<br>2. കുട്ടികൾ തയ്യാറാക്കിയ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കൽ<br>3. മോട്ടിവേഷൻ ക്ലാസുകൾ സംഘടിപ്പിക്കൽ | |

| Sl No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|---|
| 6. | മതസൗഹാർദ്ദം വളർത്തൽ | 1. ഈദുൽഫിത്തർ, ഓണം, ക്രിസ്തുമസ് എന്നിവ സ്കൂളിൽ ആഘോഷിക്കുന്നു. ചെറിയ പ്രഭാഷണം- സ്നേഹവിരുന്ന് | ജൂൺ സെപ്തംബർ ഡിസംബർ, |
| 7. | വിദ്യാലയവിഭവങ്ങൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്തൽ | 1. അമ്മ വായന പ്രോത്സാഹിപ്പിക്കൽ<br>2. അമ്മമാർക്ക് വായനാകുറിപ്പ് അവതരിപ്പിക്കുവാൻ അവസരം<br>3. അമ്മമാരുടെ പൂന്തോട്ടം.<br>അമ്മമാരുടെ പച്ചക്കറിത്തോട്ടം | |

## സ്കൂൾ ലൈബ്രറി

ലക്ഷ്യം :- കുട്ടിയെ മികച്ച വായനക്കാരനാക്കുക. വായനയുടെ പാതയിലേക്ക് കുട്ടിയെ നയിക്കുക.

നിലവിലെ അവസ്ഥ :- സ്കൂൾ ലൈബ്രറി സജ്ജമാക്കേണ്ടതുണ്ട് വായനാമുറി ക്ലാസ്സ് ലൈബ്രറിയുണ്ട് എന്നാൽ എല്ലാ ലൈബ്രറി പുസ്തകങ്ങളും കുട്ടികൾക്ക് അനുയോജ്യമായ മറ്റ് ആനുകാലികങ്ങളും മെച്ചപ്പെടുത്തൽ :- സ്കൂൾ ലൈബ്രറിയിൽ നിന്നും കുട്ടികൾക്കു വായിക്കാൻ പുസ്തകങ്ങൾ നൽകുന്നുണ്ട്

- എല്ലാ ക്ലാസുകളിലും ക്ലാസ്റൂം ലൈബ്രറി സജ്ജീകരിക്കൽ
- പുസ്തകം ശേഖരിക്കൽ
- ഗ്രന്ഥശാല സന്ദർശിച്ച് പുസ്തകങ്ങൾ സജ്ജീകരിച്ച രീതി മനസ്സിലാക്കുന്നു മെമ്പർഷിപ്പ് ഇല്ലാത്ത കുട്ടികൾക്ക് അംഗത്വമെടുക്കുന്നു.
- അമ്മവായന പ്രോത്സാഹിപ്പിക്കുന്നത് വഴി ക്ലാസ് പി.ടി.എയിൽ വായിച്ച പുസ്തകത്തെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു.
- എല്ലാ ക്ലാസുകളിലും പത്രം ലഭ്യമാക്കുന്നു. പത്രത്തിലെ വാർത്തകളുമായി ബന്ധപ്പെട്ട ക്വിസ് സംഘടിപ്പിക്കുന്നു.
- വായിച്ച പുസ്തകത്തെക്കുറിച്ച പറയൽ (അസംബ്ലി, ബാലസഭ, ക്ലാസ് മുറി, ( പി.ടി.എ.യോഗം)
- വായനാകുറിപ്പ് തയ്യാറാക്കി പതിപ്പാക്കുന്നു.

| Sl No. | Prgramme | Activities | Duration | ചുമതല | സാമ്പത്തിക വിശ<br>കലനം |
|---|---|---|---|---|---|
| 1. | കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>3. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>4. സമീപ ഗ്രന്ഥശാല അംഗത്വം<br>5. വായനോത്സവം സംഘടിപ്പിക്കൽ<br>6. പത്രവായന<br>7. അമ്മവായന<br>8. വായനാനുഭവം പങ്കുവെയ്ക്കൽ<br>9. വായനാകുറിപ്പ് പതിപ്പ്<br>10. വിദ്യാരംഗം, ബാലസഭ പ്രവർത്തനങ്ങൾ<br>11. ആനുകാലിക പ്രസിദ്ധീകരണവും വായനയും. | June<br>June<br>January<br>June<br>To<br>march | Class teacher<br>Teachers | P.T.A |
| 2. | ഗുരുകുലം പദ്ധതി | പഠനത്തിലും വായനയിലും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പിന്തുണ | June to march | Elthuruth St.Aloysious collage PG student | |

## ടാലന്റ് ലാബ്

ലക്ഷ്യം :- ഓരോ വിദ്യാർത്ഥിയിലും തനതായ ചിലകഴിവുകൾ ഉണ്ട്. അത്തരം ശേഷികൾ കണ്ടെത്തി മെച്ചപ്പെടുത്തുക. ആത്മവിശ്വാസവും പഠന താല്പര്യവും വർദ്ധിപ്പിക്കുക. വ്യക്തിത്വ വികാസം.

| Sl NO. | Prgramme | Activities | Duration | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | അസംബ്ലി | 1. കുട്ടികൾക്ക് കൂടുതൽ അവസരങ്ങൾ നൽകൽ<br>2. നേതൃത്വം ഏല്പിക്കൽ<br>3. എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കൽ | June To March | Teachers | |
| 2. | പാർലമെന്റ് | 1. ജനാധിപത്യരീതിയിൽ രൂപീകരണം<br>2. യഥാർത്ഥ പ്രശ്നങ്ങൾ/ പ്രമേയങ്ങൾവെച്ച് നിശ്ചിത ഇടവേളയിൽ നടത്തൽ<br>3. വിമർശനാത്മക അവതരണങ്ങൾക്ക് സ്വാതന്ത്ര്യം നൽകൽ<br>4. എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കൽ | വർഷത്തിൽ ഒന്ന് | S.S. club Teachers | P.T.A |

| ജൈവ വൈവിധ്യ ഉദ്യാനം | | | |
|---|---|---|---|
| ലക്ഷ്യം :- സ്കൂൾ കോമ്പൗണ്ടിന്റെ വൈവിധ്യമുള്ള സസ്യങ്ങൾ നട്ടുവളർത്തുക. ആകർഷകമായ വിദ്യാലയ പരിസരം. ശുചിത്വ വിദ്യാലയമെന്ന സ്വപ്നം പ്രാവർത്തികമാക്കുക | | | |
| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
| 1. ഇരുവശങ്ങളിലും പൂച്ചെടികൾ, ശലഭോദ്യാനം<br>2. കൊടിമരത്തിനുചുറ്റും ചെടിച്ചട്ടികൾ സ്ഥാപിക്കുന്നു.<br>3. ഔഷധത്തോട്ടവും പച്ചക്കറിത്തോട്ടവും നിർമ്മിക്കുന്നു.<br>4. പുതിയ കെട്ടിടത്തിന്റെ വരാന്തയിൽ ചെടിച്ചട്ടികൾ സ്ഥാപിക്കുന്നു<br>5. മുൻവശത്ത് നിൽക്കുന്ന മരങ്ങൾ ചുറ്റും സിമന്റ് തറകെട്ടി മനോഹരമാക്കുന്നു. ചുറ്റും ചെടികൾ വെച്ച് ഭംഗിയാക്കുന്നു | ജൂൺ മുതൽ ഒരുവർഷം | Teachers<br>P.T.A. | പൂർവ്വ വിദ്യാർത്ഥികൾ<br>പൂർവ്വ അധ്യാപകർ |
| 6. പാർക്ക് നവീകരണം<br>സ്റ്റേജ് പൂർത്തിയാക്കൽ | June<br>to<br>March | Teachers<br>OSA PTA<br>Wellwishers | OSA<br>Wellwishers<br>Development<br>Committee |

## ക്ലാസ് പി.ടി.എ.

ലക്ഷ്യം :- വിദ്യാലയവും സമൂഹവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നു.

പ്രവർത്തനങ്ങൾ :-

1. ഓരോ മാസവും ക്ലാസ് പി.ടി.എ
2. മികവുകൾ പങ്ക് വെയ്ക്കുന്നു. പരിഹാര പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി ചർച്ച ചെയ്യുന്നു.
3. എസ്.ആർ.ജി.യിൽ ക്ലാസ് പി.ടി.എ. അജണ്ട തീരുമാനിക്കുന്നു
4. ഒരു മാസക്കാല പ്രവർത്തനങ്ങൾ document ചെയ്ത് പ്രദർശനം നടത്തുന്നു.
5. പഠനോല്പന്നങ്ങളുടെ പ്രദർശനം
6. ഒരു മാസത്തെ പഠനനേട്ടങ്ങൾ പരിചയപ്പെടുത്തുന്നു. രക്ഷിതാക്കളും ഇടപെടലിനെക്കുറിച്ച് വ്യക്തമാക്കുന്നു
7. കുട്ടികളുടെ മികവ് ആവിഷ്കാരം

**ഉപസംഹാരം**

മികച്ച പഠനാവസരങ്ങൾ ഉറപ്പ് വരുത്തി എല്ലാ കുട്ടികളുടെയും സമഗ്രമായ വികാസത്തിനുതകുന്ന തരത്തിൽ വിവിധ പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്യുവാനുള്ള നിർദ്ദേശങ്ങളാണ് ഈ മാസ്റ്റർ പ്ലാനിലൂടെ ലക്ഷ്യമിടുന്നത്. സമയബന്ധിതമായി ഇത്തരം പദ്ധതികൾ നടപ്പിലാക്കുകയും കൃത്യമായ വിലയിരുത്തലുകളിലൂടെ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്.

കേവലം പാഠപുസ്തകങ്ങൾക്കപ്പുറം സ്വതന്ത്രമായി ചിന്തിക്കുവാനും, പുത്തൻ അറിവുകൾ നിർമ്മിക്കുവാനും കഴിയും വിധം വിദ്യാർഥികളെ പ്രാപ്തരാക്കുവാനുള്ള ഉടക്കമായി മാറുമെന്ന് പ്രതീക്ഷിക്കുന്നു.

**Head mistress**
**K.VIJAYASREE PRAKASH**

| Std 1, ENGLISH | | | | | |
|---|---|---|---|---|---|
| Sl No | Aim | Activities | Duration | Support | Financial resources |
| 1. | **Listening skills**<br>• To devolve listening and reading skills<br>• Description<br>• Growing sentences<br>• Picture reading<br>• Riddles and puzzles | • Children discuss about the picture shown by the teacher<br>• Children talk about the picture<br>• For slow learners give opportunities to express their ideas in Malayalam | June<br>July | Teacher-students | |
| 2 | **Reading skills**<br>• Reading breaking news<br>• Find words from reading materials<br>• Rhyming words from text book activities | • Give reading cards and identify the words<br>• Play songs with rhyming words, let them identify the rhyming words from the songs | July<br>August | Students | |
| 3 | **Writing skills**<br>• Make word<br>• Picture description | | September<br>October | Students | |

| | | | | | |
|---|---|---|---|---|---|
| 4 | **Writing skills**<br>• Word chain<br>• Make word web<br>• Story telling<br>• Riddles<br>• Conversation<br>• Who am I ? | • Along with their group let them create word chain<br>• Let them present in the class room<br>• From given picture let them create story and present in the class<br>• Reading the conversation<br>• Acting with friends | November<br>December<br>January<br>February | Students | |
| 5. | Speaking skills<br>Make simple sentences | • From the picture let them make simple sentences<br>• Manage to speak English sentences for asking permissions in the class | March | students | |

| Std 1 ഗണിതം | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | പ്രോഗ്രാം | പ്രവർത്തനങ്ങൾ | സമയ ദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം |
| 1. | ജാമിതീയ രൂപങ്ങളുടെ നിർമ്മാണം | *രക്ഷിതാക്കൾക്ക് ജാമിതീയ രൂപങ്ങൾ നിർമ്മിക്കുന്നതിനുള്ള ശില്പശാല തയ്യാറാക്കുന്നു<br>*വ്യത്യസ്ത ജാമിതീയ രൂപങ്ങൾ മനസ്സിലാക്കുന്നു.<br>*ഗണിതശയങ്ങൾ രൂപപ്പെടുന്നു | ജൂൺ | ക്ലാസ്ടീച്ചർ-രക്ഷിതാക്കൾ | |
| 2. | ഗണിത മാഗസിൻ | *ഓരോ മാസത്തിലെയും പ്രവർത്തനങ്ങളിൽ നിന്നും ചേർത്തുവച്ച് മാർച്ച് മാസത്തിൽ ഗണിത മാഗസിൻ തയ്യാറാക്കുന്നു. | ജൂൺ -മാർച്ച് | ക്ലാസ്ടീച്ചർ | |

| | | | | | | |
|---|---|---|---|---|---|---|
| 3. | വ്യത്യസ്ത ഗണിത ആശയങ്ങളുടെ രൂപീകരണം | *മുകളിൽ- താഴെ മുന്നിൽ -പിന്നിൽ അകലെ -അടുത്ത് വലുത് -ചെറുത് എന്നി ആശയങ്ങളുടെ ഉറപ്പിക്കൽ *സംഖ്യകൾ തിരിച്ചറിയൽ *സംഖ്യാ കാർഡ് നിർമ്മിക്കൽ *സംഖ്യകൾ തിരിച്ചറിഞ്ഞു പറയുന്നു. | ജൂലൈ | ക്ലാസ്ടീച്ചർ | |
| 4. | ഗണിത കിറ്റ് | *ഗണിത സഞ്ചി തയ്യാറാക്കുന്നതിനുള്ള ശില്പശാല *രക്ഷിതാക്കളും കുട്ടികളും ചേർന്ന് ഗണിത കിറ്റ് തയ്യാറാക്കുന്നു | ഓഗസ്റ്റ് | കുട്ടികൾ- രക്ഷിതാക്കൾ | |
| 5. | സംഖ്യാബോധം | *സംഖ്യകൾകൾ തിരിച്ചറിയൽ പ്രവർത്തനം *സംഖ്യകൾ തിരിച്ചറിഞ്ഞു പറയുന്നു | സെപ്റ്റംബർ | | |

| | | | | | |
|---|---|---|---|---|---|
| | | *സംഖ്യാ കാർഡ് നിർമ്മിക്കൽ *സംഖ്യകളെ സുന്ദരിയാക്കൽ വർക്ക് *മൈ നമ്പർ ബുക്ക് തയ്യാറാക്കൽ *ശില്പശാലയിൽ തയ്യാറാക്കിയ കുഞ്ഞുപുസ്തകം ഉപയോഗപ്പെടുത്തുന്നു * Dice, മഞ്ചാടി എന്നിവ ഉപയോഗിക്കുന്നു | | കുട്ടികൾ അധ്യാപിക യുടെ സഹായ ത്തോടെ ചെയ്യുന്നു | |
| 6. | വലിയ സംഖ്യ ചെറിയ സംഖ്യ | *1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനം *വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയുന്നു *ഗണിത കിറ്റ് ഉപയോഗിക്കുന്നു | ഒക്ടോബർ | | |
| 7. | ടെൻ ഫ്രെയിം ഉപയോഗിക്കുന്നു | | | | |
| 8. | സങ്കലനക്രിയകൾ | *കളികളിലൂടെയും ഗണിതത്തിന്റെ സഹായത്താലും സങ്കലനക്രിയകൾ തുടങ്ങുന്നു | നവംബർ | കുട്ടികൾ അധ്യാപിക യുടെ സഹായ ത്തോടെ ചെയ്യുന്നു | |

| | | | | | |
|---|---|---|---|---|---|
| | | *സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ<br>*സംഖ്യകൾ തമ്മിൽ സങ്കലനക്രിയകൾ നടത്തുന്നു | | | |
| 9. | വ്യവകലന പ്രവർത്തനങ്ങൾ | *ഒറ്റക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലനം<br>3-2, 6-5<br>10-6,11-6<br>*Dice മഞ്ചാടി എന്നിവ ഉപയോഗിക്കുന്നു | ഡിസംബർ | കുട്ടികൾ അധ്യാപികയുടെ സഹായത്തോടെ ചെയ്യുന്നു | |
| 10. | ചിഹ്നങ്ങൾ | സങ്കലനം(+)<br>വ്യവകലനം(-)<br>എന്നീ ചിഹ്നങ്ങൾ തിരിച്ചറിവ് നേടുന്നു | ജനുവരി | | |
| 11. | ഗണിത മാഗസിൻ | *ജൂൺ മുതൽ തയ്യാറാക്കിയ ഗണിത ആശയങ്ങൾ ഉപയോഗപ്പെടുത്തി ഗണിത മാഗസിൻ പ്രകാശനം ചെയ്യുന്നു | ഫെബ്രുവരി | കുട്ടികൾ അധ്യാപികയുടെ സഹായത്തോടെ ചെയ്യുന്നു | |
| 12. | പഠനോത്സവം | | മാർച്ച് | | |

| | | | | | |
|---|---|---|---|---|---|
| | | *പഠന മികവുകൾ പഠനോത്സവത്തിൽ അവതരിപ്പിക്കുന്നു | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 1

## ഭാഷ,പരിസര പഠനം

<u>**ലക്ഷ്യങ്ങൾ**</u>

#ഒന്നാം ക്ലാസിൽ എല്ലാ കുട്ടികൾക്കും വായിക്കുന്നതിനുള്ള പുസ്തക ശേഖരം ഉണ്ടാക്കുക. #രക്ഷിതാക്കളെ കുട്ടികളുടെ വായനയിൽ പങ്കാളികളാക്കുക. #കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുക

#ഭാവം ഉൾക്കൊണ്ട് ശബ്ദ വ്യതിയാനത്തോടെ സദസ്സിന് മുൻപാകെ ഉച്ചത്തിൽ വായന നടത്തുന്നതിനുള്ള കഴിവ് വളർത്തുക. #ഭാഷാ വികസനം സർഗാത്മക സൗന്ദര്യ വികാസം എന്നിവ നേടുക.

#കുട്ടിയുടെ സ്വതന്ത്ര രചനാ ശേഷി വികസിപ്പിക്കുക. #പരിചയിച്ച അക്ഷരങ്ങൾ പുതിയ രചന സന്ദർഭങ്ങളിൽ നിരന്തരം പ്രയോഗിക്കാൻ അവസരം.

# കുട്ടിയുടെ അനുഭവങ്ങളും ചിന്തകളും ആശയങ്ങളും പ്രതിദിനം ചിത്രസഹിതം ചെറുവാക്യങ്ങളിൽ രേഖപ്പെടുത്തുക.

# കുട്ടിയെ തനിച്ചെഴുത്തിലേക്ക് വഴിയൊരുക്കുന്നു.

| **Std 1, മലയാളം,പരിസര പഠനം** | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | പ്രോഗ്രാം | പ്രവർത്തനങ്ങൾ | സമയ ദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം |

| | | | | | |
|---|---|---|---|---|---|
| 1. | വിദ്യാ പ്രവേശ് | കുട്ടികളുടെ പേശീ വികാസം, ഭാഷാപരമായ കഴിവുകൾ വികസിപ്പിക്കാൻ കഴിയുന്ന സന്നദ്ധത പ്രവർത്തനങ്ങൾ | ജൂൺ 2 to ജൂൺ 16 | ക്ലാസ്സ് tr, PTA | |
| 2. | വായനോത്സവം | ക്ലാസ് ഒരു വായനക്കൂട് (ക്ലാസ് ലൈബ്രറി ക്രമീകരിക്കൽ)<br>വീട് ഒരു പുസ്തകക്കൂട് (വീട്ടിൽ ലൈബ്രറി സെറ്റ് ചെയ്യൽ )<br>ക്ലാസ് പിടിഎയിൽ രക്ഷിതാവും കുട്ടിയും ചേർന്നുള്ള വായന.<br>വായന കഴിഞ്ഞാൽ വായിച്ച കേട്ട കഥ ആശയ ചോർച്ചയില്ലാതെ കുട്ടിയെക്കൊണ്ട് പറയിപ്പിക്കുന്നു. | ജൂൺ 19<br>ജൂൺ to മാർച്ച് | ക്ലാസ്സ് tr, PTA<br>രക്ഷിതാവ്, കുട്ടി | |
| 3 | സംയുക്ത ഡയറി | സിപിടിഎയിൽ പ്രക്രിയ ബോധ്യപ്പെടുത്തൽ.മുൻ വർഷത്തെ ഡയറി പരിചയപ്പെടുത്തൽ. .അച്ചടിച്ച ഡയറി കാണാൻ അവസരം...ഡയറി എഴുത്ത് മൂലം ഉണ്ടായ ഭാഷാപരമായ മുന്നേറ്റം വ്യക്തമാക്കൽ.<br># ഓരോ ദിവസവും കുറച്ചുസമയം കുട്ടികളോടൊപ്പം ഇരുന്ന് അവർ കണ്ടനുഭവിച്ച കാര്യങ്ങൾ | ജൂലൈ to മാർച്ച് | ക്ലാസ്സ് tr, PTA | |

| | | | | | |
|---|---|---|---|---|---|
| | | രക്ഷിതാക്കൾക്ക് പറഞ്ഞുകൊടുക്കുന്നു. അതിൽ പ്രധാനപ്പെട്ടവ ഒന്നോ രണ്ടോ കാര്യം തെരഞ്ഞെടുക്കണം. ചെറിയ വാക്യങ്ങളിൽ എഴുതണം.അതുമായി ബന്ധപ്പെട്ട ചിത്രം വരയ്ക്കണം. നിറം നൽകണം. ഓരോ വാക്കും എഴുതുമ്പോൾ അത് കുട്ടിക്ക് അറിയാവുന്ന അക്ഷരങ്ങൾ പെൻസിലുകൾ കൊണ്ട് കുട്ടികൾ എഴുതുന്നു. ബാക്കിഭാഗം പേനകൊണ്ട് രക്ഷിതാവ് എഴുതുന്നു. | | | |
| 4 | പാട്ടരങ്ങ് | വായ്ത്താരിയുള്ള പാട്ട്, ചോദ്യോത്തര പാട്ട്, പൂരിപ്പിച്ച് പാടാവുന്ന പാട്ട്,ശാസ്ത്ര അനുഭവവുമായി ബന്ധപ്പെട്ട പാട്ട്, പാട്ടുപൂക്കളം - ഓണം | ഓരോ ടേമിന്റെയും അവസാനം | ക്ലാസ്സ് tr, PTA | |
| 5 | കഥോത്സവം | കുട്ടികൾ കേട്ടും വായിച്ചും പഠിച്ചതുമായ കഥകൾ സദസ്സിനു മുന്നിൽ അവതരിപ്പിക്കുന്നു. | സെപ്റ്റംബർ | ക്ലാസ്സ് tr, PTA | |
| 6 | രചനോത്സവം | കുട്ടികൾക്ക് ഓരോ ചിത്രങ്ങൾ നൽകി ആ ചിത്രവുമായി ബന്ധപ്പെട്ട കഥ സ്വന്തം ഭാവനയിൽ കുട്ടികൾ എഴുതുന്നു.അതിന്റെ ചിത്രവും കൂടി വന്തക്കാദമിക മാസ്റ്റർ പ്ലാൻ ജി എൽ | ഒക്ടോബർ | ക്ലാസ്സ് tr, PTA | |

| | | | | | |
|---|---|---|---|---|---|
| 7 | ബാലസാഹിത്യകൃതി നിർമ്മാണം | പി എസ് പ്ലസ്സ് ക്ലാസ് 1<br>ഭാഷ,പരിസര പഠനം[illegible].<br><br>കുട്ടികൾക്ക് ഒരു കഥയുടെ പല ചിത്രങ്ങൾ നൽകുന്നു. ആ ചിത്രങ്ങൾക്കനുസരിച്ച് കുട്ടികൾ സ്വന്തമായി കഥ നിർമ്മിക്കുന്നു. അത് ഓരോ ചിത്രത്തിനും താഴെ എഴുതുകയും ചെയ്യുന്നു | ജനുവരി | ക്ലാസ്സ് tr, PTA | |
| 8 | റീഡേഴ്സ് തീയറ്റർ | സി പി ടി എ യിൽ ചർച്ച ചെയ്യൽ, കഥ തെരഞ്ഞെടുക്കൽ, സംഭാഷണം നിശ്ചയിക്കൽ, അവതാരകനെ തീരുമാനിക്കൽ, വായിക്കേണ്ട ക്രമം തീരുമാനിക്കൽ, റിഹേഴ്സൽ ചെയ്യൽ, വേദിയിൽ അവതരണം.<br>സ്കൂൾ അസംബ്ലി, സിപി ടി എ, പഠനോത്സവം എന്നീ വേദികളിൽ അവതരിപ്പിക്കുന്നു. | ഫെബ്രുവരി | ക്ലാസ്സ് tr, PTA | |
| 9 | ഡയറി പ്രകാശനം | കുട്ടികൾ ഓരോ ദിവസവും എഴുതിയ ഡയറിയുടെ ഒരു പേജ് അച്ചടിച്ച് പ്രകാശനം ചെയ്യുന്നു. | ഫെബ്രുവരി | ക്ലാസ്സ് tr, PTA | |
| 10 | പഠനോത്സവം | കുട്ടികൾ ഈ ഒരു വർഷക്കാലം കുട്ടികൾ നേടിയ മികവുകളും പഠനാനുഭവങ്ങളും പൊതുസമക്ഷത്തിൽ അവതരിപ്പിക്കുന്നു. | മാർച്ച് | ക്ലാസ്സ് tr, PTA | |

# ACADEMIC MASTER PLAN

## ENGLISH STD – II

| Learning Objectives | Activity | Period |
|---|---|---|
| To speak, read and write English without any mistakes pretest. | ➢ To develop listening skills & reading skills first.<br>➢ Listening skills Games, Action Songs.<br>➢ Hello English Activities,<br>➢ Use ICT<br>Speaking skills descriptions, growing sentences, picture reading picture description, self introduction, speech, Quiz riddles, self introduction | June |
| Reading Skills | ➢ News paper reading, Library book reading, book review reading breaking news, Collect and read past tense, rhyming words, text book activities. | July |

| Learning Objectives | Activity | Period |
|---|---|---|
| Writing Skills | ➢ Make word web, picture description, word chain sentence, make riddles, conversations, Add more lines develop story, description, notice proclamation diary letter announcement, Magazins. | Augst<br>September |
| Vocabulary Development understand and use theme – related words (Cake, hungry, animals, forest, etc)<br>Learn descriptive words<br>(Sweet, big, Yummy etc)<br>identify rhyming and similar – sounding words if present in the poem/story | ➢ Create a "Bird word wall" with names of birds their actions and habitats from the story children add new words they find "Play Describing Game" Teacher names an object/Character from the story (eg: a nest, a bird) and children use descriptive words (eg. cozy, colour ful, tiny)<br><br>"Identify rhyming words from simple poems or songs related to birds or nature eg. "tree" and "bee" | October<br>November |
| Reading Skill | ➢ News paper reading, Library book reading, book review<br>➢ Conversations, Skit stories use ICT materials. | December<br>January |

| Learning Objectives | Activity | Period |
|---|---|---|
| | ➢ Reads breaking News<br>➢ Develop story<br>➢ Read Notice | |
| To improve presentation power | ➢ Interact using simple dialogues<br>➢ Read simple stories individually present in CPTA, present their products in CPTA | February<br>March |

# അക്കാദമിക് മാസ്റ്റർ പ്ലാൻ-Malayalam

## ക്ലാസ് -2

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | - ഭാഷയുടെ ഉപയോഗം വിവിധ തരത്തിൽ ഉണ്ടെന്ന് ബോധ്യപ്പെടുന്നു.<br>- ജലത്തിന്റെ ഉപയോഗങ്ങൾ, പ്രത്യേക തകൾ ചർച്ച ചെയ്യുന്നു<br>- ചിത്രീകരണം, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെടുന്നു | - ശേഖരണം<br>മഴപ്പാട്ടുകൾ ,ചിത്രങ്ങൾ, കടങ്കഥകൾ, പഴഞ്ചൊല്ലുകൾ<br>- കടങ്കഥാ കേളി<br>- ജലപരീക്ഷണങ്ങൾ<br>- പരീക്ഷണകുറിപ്പ്<br>- മഴക്കാലപ്പതിപ്പ്<br>മഴ അനുഭവങ്ങൾ<br>മഴ ചിത്രങ്ങൾ<br>- ജലസ്രോതസ്സ്, പോസ്റ്റർ നിർമ്മാണം | JUNE | CPTA<br>ക്ലാസ്സ് ടീച്ചർ | PTA |

| | | | | | |
|---|---|---|---|---|---|
| 2 | - ഭാഷയെ ഉച്ചാരണ ശുദ്ധിയോടെ, ശബ്ദ വ്യതിയാനം, മുഖഭാവം എന്നിവയോടെ അവതരിപ്പിക്കൽ.<br>- ആഹാരശീലങ്ങൾ മനസ്സിലാക്കിതസയുടെ ഉത്പാദനം ഘട്ടങ്ങൾ അറിയുന്നു<br>- ഈ ചുറ്റുപാട് നിരീക്ഷിച്ചും അന്വേഷിച്ചും ആഹാരമായ വിളകളെ പരിചയപ്പെടുന്നു | - സംഭാഷണം<br>- കടങ്കഥാ നിർമ്മാണം<br>- കൃഷിയുടെ ഘട്ടങ്ങൾ<br>- വിവിധ തരം തൊഴിലുകൾ<br>- ആരോഗ്യം സമ്പത്ത്<br>- കൃഷി ഉപകരണങ്ങൾ<br>- വരികൾ കൂട്ടി ചേർക്കാം<br>- കളിമണ്ണ് OR മൈദ ഉപയോഗിച്ച് പഴങ്ങൾ, പച്ചക്കറികൾ രൂപങ്ങൾ നിർമ്മാണം. | JULY | ക്ലാസ്സ് ടീച്ചർ | PTA |
| 3 | - സ്വന്തം അനുഭവങ്ങളെ ഡയറി കുറിപ്പായി എഴുതി അവതരിപ്പിക്കുന്നു<br>- കവിത ഈണം, താളം എന്നിവ പാലിച്ച് ചൊല്ലി അവതരിപ്പിക്കുന്നു .<br>- കഥ വായിച്ച് ആശയം ഉൾക്കൊണ്ട് ബാക്കി ഭാഗം പൂർത്തിയാക്കുന്നു.<br>- ദേശീയ നേതാക്കളുടെ ചിത്രം | - അനുഭവ കുറിപ്പ് തയ്യാറാക്കൽ (ഡയറി )<br>- കവിത വായിച്ച് ഈണം കണ്ടെത്തുന്നു<br>- ദേശീയപതാക നിർമ്മാണം, നിറം | AUGUST | ക്ലാസ്സ് ടീച്ചർ | PTA |

| | | | | | |
|---|---|---|---|---|---|
| | ശേഖരിച്ച് പതിപ്പ് തയ്യാറാക്കുന്നു. | നൽകൽ<br>- ഗാന്ധിജിയും നെഹ്റുവുമായി ബന്ധപ്പെട്ട ദേശീയ ദിനങ്ങൾ കലണ്ടർ നോക്കി പട്ടിക പ്പെടുത്തുന്നു<br>- ചാച്ചാജിതൊപ്പി നിർമ്മാണം<br>- ചാച്ചാജി, ഗാന്ധിജി ( പ്രച്ഛന്നവേഷം) | | | PTA |
| 4 | - കഥ, കവിത സ്വന്തമായി വായിച്ച് ആശയം ഗ്രഹിച്ച് ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നു<br>- ഉള്ളൽ പാട്ടുകൾ കേട്ടും പാടിയും ആസ്വദിക്കുന്നു<br>- ഭാഷാ പ്രയോഗങ്ങൾ തിരിച്ചറിയുന്നു | - ചിത്രരചന ഉത്സവ കാഴ്ച<br>- ആനക്കൊമ്പ് - കവിത സ്വന്തമായി ചൊല്ലി ആശയം ഗ്രഹിച്ച് ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നു<br>- സംഘമായും, വ്യക്തിഗതമായും പാഠ ഭാഗം വായിച്ച് ചോദ്യോത്തര പയറ്റ് നടത്തുന്നു | AUGUST | ക്ലാസ്സ് ടീച്ചർ | PTA |

| | | | | | |
|---|---|---|---|---|---|
| | | - ഉത്സവ പറമ്പിലെ കാഴ്ചകൾ അഭിനയം<br>- ICT ഉള്ളൽ പാട്ട് കേട്ടും പാടിയും ആസ്വദിക്കുന്നു. | | | |
| 5 | - മലിന്യ സംസ്കരണം, മാലിന്യങ്ങളെ തരംതിരിക്കൽ, അവയുടെ നിർമ്മാർജ്ജനം പുനരുപയോഗം എന്നിവയെ കുറിച്ച് അവബോധം | - ഉത്സവ പിറ്റേന്ന് ICT<br>- മാലിന്യ നിർമ്മാർജ്ജനം ഹരിത കർമ്മ സേന ചർച്ച മാലിന്യങ്ങളെ തരംതിരിക്കുന്നു. | SEPTEMBER | ക്ലാസ്സ് ടീച്ചർ | PTA |
| 6 | - പാഠ ഭാഗം സ്വന്തമായി വായിച്ച് ആശയഗ്രഹണം നടത്തുന്നു വാക്യഘടന. ക്രമം പാലിച്ച് പാചക കുറിപ്പ് തയ്യാറാക്കുന്നു.<br>- കടങ്കഥ പറഞ്ഞും കേട്ടും ശേഖരിച്ചും കടങ്കഥ കേളികളിൽ ഏർപ്പെടുന്നു | - ചോദ്യോത്തരങ്ങൾ കണ്ടെത്തുന്നു<br>- പാഠ ഭാഗത്തെ രംഗങ്ങൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ അഭിനയിച്ച് കാണിക്കുന്നു.<br>- ആഹാരത്തിൽ | | | |

| | | | | | |
|---|---|---|---|---|---|
| | - ആശയം ഉൾക്കൊണ്ട് തുടർ വരികൾ എഴുതി അവതരിപ്പിക്കുന്നു | ഉൾപ്പെടുത്തേണ്ട ഘടകങ്ങൾ അനുസരിച്ച് ആഹാരസാധനങ്ങളെ പട്ടിക പ്പെടുത്തുന്നു<br>- പാചകക്കുറിപ്പ് തയ്യാറാക്കുന്നു.<br>- വാക്കുകളെ ക്രമീകരിച്ച് വാക്യങ്ങൾ രൂപപ്പെടുത്തുന്നു<br>- കടങ്കഥാ കേളി<br>- ചിത്രം നോക്കി കഥ പറയുന്നു | | | |
| 7 | - കേട്ടതോ വായിച്ചതോ ആയ കഥകൾ സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ | - പതിപ്പ് തയ്യാറാക്കുന്നു പ്രകാശനം ചെയ്യുന്നു | OCTOBER | ക്ലാസ്സ് ടീച്ചർ | PTA |
| 8 | - കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടൽ | | NOVEMBER | ക്ലാസ്സ് ടീച്ചർ | PTA |

| | | | | | |
|---|---|---|---|---|---|
| 9 | - ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>- ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം നൽകൽ | മാഗസിൻ നിർമ്മാണം പ്രകാശനം | DECEMBER<br><br>J | ക്ലാസ്സ് ടീച്ചർ | PTA |
| 10 | - ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടി ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.( കവിതാപൂരണം)<br>- ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ | വരികൾ കൂട്ടി ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കുന്നു | JANUARY | ക്ലാസ്സ് ടീച്ചർ | |
| 11 | - കുട്ടികളിൽ സ്വതന്ത്രമായ സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടൽ | സ്വതന്ത്രരചനയ്ക്ക് ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | FEBRUARY | ക്ലാസ്സ് ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| 12 | - വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ | ഇൻലൻറ് മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കൽ<br>- ഓരോ കുട്ടിയും ഓരോ പതിപ്പുകൾ, കൈയ്യെഴുത്തു മാസിക, മാഗസിനുകൾ തയ്യാറാക്കുന്നു<br>- ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ | MARCH | ക്ലാസ്സ് ടീച്ചർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ-ഗണിതം

## ക്ലാസ് -2

| ക്രമ നമ്പര് | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | - ഗണിത രൂപങ്ങൾ തിരിച്ചറിയൽ ( ചുറ്റുമുള്ളവ നിരീക്ഷിച്ച് )<br>- വ്യത്യസ്ത വരകൾ, രൂപങ്ങൾ, പാറ്റേണുകൾ | - രൂപങ്ങൾ, പാറ്റേണുകൾ നിർമ്മിക്കൽ, 1 മുതൽ 50 വരെയുള്ള സംഖ്യകൾ എഴുതൽ | JUNE | ക്ലാസ്സ് ടീച്ചർ | PTA |
| 2 | - ഒരു കൂട്ടം വസ്തുക്കളോട് മറ്റൊരു കൂട്ടം വസ്തുകൾ ചേർത്ത് ആദ്യ കൂട്ടത്തിൻ്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ<br>- ഗണിത കിറ്റ് എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നു | - പത്തിൻ്റെയും ഒന്നിൻ്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കുന്നു<br>- 50 വരെയുള്ള സംഖ്യാ രൂപീകരണം | JULY | ക്ലാസ്സ് ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| 3 | 200 വരെയുള്ള സംഖ്യകൾ രൂപീകരിക്കൽ, സംഖ്യകളെ അക്കത്തിലും അക്ഷരത്തിലും എഴുതൽ, സ്ഥാനവില തിരിച്ചറിയൽ | ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയതലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തുന്നു | AUGUST | ക്ലാസ്സ് ടീച്ചർ | PTA |
| 4 | - നാണയങ്ങൾ, നോട്ടുകൾ പരിചയപ്പെടൽ<br>- നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്യൽ<br>- 100 രൂപയെ വ്യത്യസ്ത രീതിയിൽ ചില്ലറയാക്കൽ | നാണയങ്ങൾ, നോട്ടുകൾ ഉപയോഗിച്ച് പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നു | SEPTEMBER | ക്ലാസ്സ് ടീച്ചർ | |
| 5 | - നിത്യജീവിതത്തിൽ ഗണിത ക്രിയകൾ പ്രയോജനപ്പെടുത്തൽ ( രണ്ടക്ക സംഖ്യകൾ)<br>- പാറ്റേൺ രൂപീകരണം | - രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു. സംഖ്യാ പാറ്റേണുകൾ രൂപീകരിക്കുന്നു | OCTOBER | ക്ലാസ്സ് ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| 6 | - ഗണിത ചിന്താശേഷി വളർത്തൽ | ഉല്ലാസ ഗണിതംMaterials ഉപയോഗിച്ച് ഗണിത ചിന്താശേഷി വളർത്തുന്ന പ്രവർത്തനങ്ങൾ ചെയ്യുന്നു | NOVEMBER | ക്ലാസ്സ് ടീച്ചർ | PTA |
| 7 | കുസൃതി കണക്കുകൾ പരിചയപ്പെടൽ | - കുസൃതി കണക്കുകൾ ഗണിതപഠനത്തിൽ ഉൾപ്പെടുത്തുന്നു | DECEMBER | ക്ലാസ്സ് ടീച്ചർ | PTA |
| 8 | വിലവിവരപട്ടിക തയ്യാറാക്കൽ, ക്രോഡീകരണം, വിശകലനം, നിർദ്ധാരണം, ഗണിത ക്രിയകൾ ചെയ്യൽ | പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തുന്നു | JANUARY | ക്ലാസ്സ് ടീച്ചർ | PTA |
| 9 | ഗണിത പസിലുകൾ പരിചയപ്പെടൽ, ചെയ്യൽ | - ഗണിത പസിലുകൾ ചെയ്യുന്നു. ഉല്ലാസ ഗണിതംMalterials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. | FEBRUARY | ക്ലാസ്സ് ടീച്ചർ | PTA |

| | | | | | |
|---|---|---|---|---|---|
| 10 | ഗണിത ക്യാമ്പ്, ഗണിതം കളി കളിലൂടെ | ഗണിത ക്യാമ്പ് നടത്തുന്നു. ഗണിതം കളി കളിലൂടെ അവതരിപ്പിക്കുന്നു | MARCH | ക്ലാസ്സ് ടീച്ചർ | PTA |

# അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ് 3

വിഷയം: പരിസര പഠനം

ലക്ഷ്യം

**പരിസ്ഥിതിയെ അടുത്തറിയുക**

പരിസ്ഥിതി സൗഹൃദം മനോഭാവം വളർത്തുക

വിവിധ സസ്യ ജന്തു ജാലങ്ങളെ അടുത്തറിയാം

ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക

കുട്ടികളെ വ്യക്തിശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക

| Std 3, പരിസരപഠനം | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | പ്രോഗ്രാം | പ്രവർത്തനങ്ങൾ | സമയ ദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം |
| 1. | **പരിസ്ഥിതിയെ അടുത്തറിയുക**<br>പരിസ്ഥിതി സൗഹൃദ മനോഭാവം | പ്രകൃതി നടത്തം<br>ചുറ്റുപാടുമുള്ള സസ്യ ജാലങ്ങളെ നിരീക്ഷിക്കാം പ്രത്യേകതകൾ മനസ്സിലാക്കാം<br>വിവിധ സസ്യങ്ങളെ അടുത്തറിയാം<br>പൂന്തോട്ടം ഒരുക്കാം സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ<br>ഒരു തൈ നടാം<br>പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷതൈ നട്ട വൃക്ഷതൈ പരിപാലിക്കൽ | June<br>June to October<br>June 5 | Class teacher & SRG<br>PTA<br>കൗൺസിലർ | PTA |

| | | | | | |
|---|---|---|---|---|---|
| 2 | ജന്തുലോവിവിധ സസ്യ ജന്തു ജാലങ്ങളെ അടുത്തറിയാം<br><br>ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം പ്രത്യേകതകൾ മനസ്സിലാക്കാം വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം ജീവികളുടെ പരസ്പര ആശ്രയത്വം ചർച്ച | നല്ല നാളേക്ക് വേണ്ടി [ICT]<br>**ബോധവൽക്കരണ ക്ലാസ്**<br><br>**BEET PLASTIC POLLUTION**<br>**ഒരു തൈ നടാം**<br>**നല്ല നാളേക്ക് വേണ്ടി**( വീട്ടിലെ പരിസ്ഥിതി ദിനാചാരണ വീഡിയോ, ഫോട്ടോ) എടുത്ത് ക്ലാസ് ഗ്രൂപ്പിൽ പ്രദർശിപ്പിക്കുന്നു.<br>**Pocso, മലിനീകരണം ,ശുചിത്വം ,സ്കൂൾ സുരക്ഷാ -പുറത്തുനിന്നുള്ള വിദഗ്ധരുടെ ക്ലാസ്**<br><br>പോസ്റ്റർ നിർമ്മാണം<br>**ഇല ആൽബം** പ്രൊജക്റ്റ്<br>പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ പരിസരങ്ങളിൽ പതിക്കൽ<br>**വിവിധ ആവാസ വ്യവസ്ഥകൾ** അടുത്തറിയാം ജീവികളുടെ പരസ്പര ആശ്രയത്വം ചർച്ച ജീവികളുടെ നിലനിൽപ്പിന് അജീവിയ ഘടകങ്ങൾ<br>**LET's WATCH ANIMAL PLANET & DISCOVERY CHANELS** | June July<br><br>June to March | Health Centre<br><br>Police officer ഷിജി മാഡം<br><br>Class teacher & SRG, PTA | PTA |

| | | | | | |
|---|---|---|---|---|---|
| 3 | ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും<br><br>**ജലവും മണ്ണും** | ആവശ്യമാണ് . ജീവിയഘടകങ്ങളും, അജീവിയഘടകങ്ങളും<br>ചിട്ടപ്പെടുത്തൽ.<br>- ആവാസ വ്യവസ്ഥയുടെ പ്രാധാന്യം അവതരിപ്പിക്കുന്ന പോസ്റ്റർ തയ്യാറാക്കുന്നു<br>**THE WORLD OF ANIMALS--ICT**<br>മൃഗശാല/ഫാം സന്ദർശനം<br>മൃഗസംരക്ഷണ രംഗത്തുള്ളവരുമായി അഭിമുഖം<br>**ദാഹജലം**<br>വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം<br>Album തയ്യാറാക്കൽ<br>**"BUTTERFLY BUTTERFLY"**<br>ചിത്രശലഭങ്ങളെ അടുത്തറിയാം<br><br>**ലഘു പരീക്ഷണങ്ങൾ**<br>**Rain gauge**<br>1. മഴവെള്ളം മണ്ണിൽ.<br>2.ജലം ജീവന്റെ ആധാരം<br>3. നീരാവി പോകുന്നു.<br>4. ചെടികൾ മരങ്ങൾ<br>മണ്ണിനെ അറിയാം<br>Collection of soil<br>**ഇവിടെ വാസം സാധ്യമോ?**<br>പ്രകൃതിക്ക് ഭീഷണിയാകുന്ന | August to March | Class teacher & SRG, PTA | PTA |
| 4 | | | | | |

| | | | | | |
|---|---|---|---|---|---|
| | **വ്യക്തിശുചിത്വവും പരിസര ശുചിത്വവും** | മനുഷ്യന്റെ ഇടപെടലുകൾ - ഡോക്യുമെന്ററി<br>Plastic Plastic<br>ജലമലിനീകരണം<br>ഇനി വരുന്നൊരു തലമുറയ്ക്ക് -സംഘ ഗാനാലാപനം<br>**ബോധവൽകരണം**<br>**ദിന കൃത്യങ്ങൾ**<br>ഓരോ ദിവസവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞ് സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു<br>കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു<br>**നമ്പർ വൺ**<br>ക്ലാസ് തലത്തിൽ ശുചിത്വ മത്സരം വ്യക്തി ശുചിത്വം ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു<br>**പരിസര നടത്തം**<br>നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം **സർവ്വേ**<br>മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്ന പരിസ്ഥിതി<br>**സംരക്ഷണ പ്രതിജ്ഞ**<br>**നല്ല ശീലം**<br>പോസ്റ്ററുകൾ തയ്യാറാക്കാം | June<br><br>June to March | ശ്രീലക്ഷ്മി | PTA<br><br>PTA |

| | | | | | |
|---|---|---|---|---|---|
| | | പരിസരങ്ങളിൽ പതിക്കാം<br>ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കാം<br>ആരോഗ്യപ്രവർത്തകരുമായുള്ള അഭിമുഖം ഫീൽഡ് ട്രിപ്<br>**"Make it useful"**<br>പാഴ് വസ്തുക്കൾ ഉപയോഗിച്ച് അലങ്കാരഉത്പന്നങ്ങൾ ഉണ്ടാക്കാം<br>**craft** ക്ലാസ്സ് | | | |
| | ലഹരിക്കെതിരെ ഒന്നിക്കാം | ബോധവൽകർണം | June to March | Excise Department | PTA |

# അക്കാദമിക മാസ്റ്റർ പ്ലാൻ -

| Std 3 -ഗണിതം | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | പ്രോഗ്രാം | പ്രവർത്തനങ്ങൾ | സമയ ദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം |
